LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 20, വെള്ളി.

വാല്യം LXV ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

(നിയമസഭ 1985 സെപ്റ്റംബർ 20–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.)

I. അടിയന്തിരചോദ്യം

''യഹോവാ സാക്ഷികൾ'' പ്രചരിപ്പിക്കുന്ന 1985–ലെ ''ഇയർബുക്ക്''

* 207 [1] ശ്രീ. പി.സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ''യഹോവാ സാക്ഷികൾ'' സംസ്ഥാനത്തു പ്രചരിപ്പിക്കുന്ന 1985–ലെ ''ഇയർബുക്ക്'' ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ''ഇയർബുക്കിൽ'' ഇൻഡ്യയുടെ അവിഭാജ്യ ഘടകമായ കാശ്മീർ തർക്കമേഖലയായിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ''ഇയർബുക്ക്'' എവിടെയാണ് അച്ചടിച്ചിട്ടുള്ളത് എന്ന് പറയാൻ കഴിയുമോ; എങ്കിൽ എവിടെയാണ്;

(ഡി) ''യഹോവാ സാക്ഷികൾ'' ക്രിസ്ത്യൻ മതവിശ്വാസികളല്ലാ എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ''യഹോവാ സാക്ഷികൾ'' ഏത് മതവിശ്വാസികളാണ്;

(എഫ്) രാജ്യദ്രോഹപരമായ പ്രസിദ്ധീകരണം പ്രചരിപ്പിക്കുന്ന ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കഴിയും. യുനൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ ആണ്.

(ഡി) ഉണ്ട്.

(ഇ) അറിയപ്പെടുന്ന ഒരു മതത്തിലും ഉൾപ്പെടാത്ത ഒരു പ്രത്യേക വിഭാഗം ആണ്.

(എഫ്) പ്രസ്തുത ഇയർ ബുക്കിന്റെ പ്രതികൂല കണ്ടുകെട്ടുന്നതിലേക്കും അവ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിലേക്കുമുള്ള നടപടികൾ എടുത്തുവരുന്നു. ഇത് മറ്റ് സംസ്ഥാനങ്ങളിലും പ്രചരിപ്പിച്ചിട്ടുണ്ടെങ്കിൽ ഇതുപോലുള്ള നടപടികൾ എടുക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന് എഴുതിയിട്ടുണ്ട്.

ശ്രീ. പി.സി. ജോർജ്: ഒരു ജനാധിപത്യരാജ്യമായ ഇൻഡ്യയിൽ തെരഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കുക, ഇൻഡ്യയുടെ ദേശീയഗാനം ആലപിക്കാൻ മടി കാണിക്കുക അതിനെ എതിർക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ വിശ്വാസികൾ അവരുടെ പ്രവർത്തനങ്ങളുമായി ഇൻഡ്യയുടെ സുരക്ഷിതത്വത്തിനുതന്നെ അപകടകരമായ രീതിയിലാണ് നീങ്ങുന്നത്. എന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരായി ശക്തമായി ജനങ്ങളുടെ ഇടയിൽ പ്രചരണം നടത്തി അവരുടെ വിശ്വാസത്തിന് മാറ്റം വരുത്താനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റിന്റെ ശക്തമായ നടപടികൊണ്ട് ആരുടേയെങ്കിലും വിശ്വാസം മാറ്റാമെന്നുള്ള അഭിപ്രായത്തോട് ഗവൺമെന്റ് യോജിക്കുന്നില്ല. പക്ഷേ ദേശീയവിരുദ്ധമായ ഈ നിലപാട് സ്വീകരിച്ചിട്ടുള്ള ഇവർക്കെതിരായി തീർച്ചയായും കർക്കശമായ നടപടി സ്വീകരിക്കും. അതിൽ യാതൊരു ദയാദാക്ഷിണ്യവും ഉണ്ടായിരിക്കുകയില്ല.

ശ്രീ. പി.സി. ജോർജ്: അമേരിക്ക, റഷ്യ തുടങ്ങിയുള്ള രാജ്യങ്ങളിൽനിന്നുള്ള പ്രസിദ്ധീകരണങ്ങൾ കേരളത്തിലും അതുപോലെതന്നെ ഇൻഡ്യാരാജ്യത്തും പ്രചരിപ്പിക്കുന്നുണ്ട്. അങ്ങനെ ഇൻഡ്യയിലും ഈ സംസ്ഥാനത്തും പ്രചരിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങളിൽ ദേശീയവിരുദ്ധ നയങ്ങൾ എന്തെങ്കിലുമുണ്ടായെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഇപ്പോൾ കേരള സർക്കാരിന് ഉണ്ടോ? ഉണ്ടെങ്കിൽ അത് എന്താണ്? ഇല്ലെങ്കിൽ ഇനിയെങ്കിലും ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രസിദ്ധീകരിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ച് ചില നിയമങ്ങളും വ്യവസ്ഥകളുമുണ്ട്. പക്ഷേ എല്ലാ പ്രസിദ്ധീകരണങ്ങളും നിയന്ത്രിച്ചു കൊണ്ടോ അല്ലെങ്കിൽ പരിശോധിച്ചതിനുശേഷമോ അല്ല ഈ രാജ്യത്ത് പ്രചരിപ്പിക്കുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ: പ്രസിദ്ധീകരണത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. സോവിയറ്റ് യൂണിയൻ പോലുള്ള രാജ്യങ്ങളിൽ നിന്നും പ്രസിദ്ധീകരണങ്ങൾ ഇൻഡ്യയിലേക്ക് വരുന്നത് ഗവൺമെന്റുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ചതിനുശേഷമാണ്. എന്നാൽ അതേസമയം ഇവിടെ പറഞ്ഞതുപോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പുസ്തകങ്ങളും അമേരിക്ക പോലുള്ള രാജ്യങ്ങളിൽനിന്നു പ്രസിദ്ധീകരിച്ച് ഇവിടെയുള്ള ഏജൻറുമാർവഴി വിതരണം നടത്തുന്നത് ഗൗരവതരമായി പരിഗണിക്കാൻ ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അധികൃതമായ പ്രസിദ്ധീകരണങ്ങളും നമുക്ക് തടയാൻ സാധിക്കുകയില്ല. പക്ഷേ ഇത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങളും തീർച്ചയായും, അദ്ദേഹം സൂചിപ്പിച്ചതുപോലെ രാജ്യദ്രോഹ നടപടിയായി കരുതിത്തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി.എസ്. ജോൺ: യഹോവാ സാക്ഷികളും എന്നു പറയുന്നത് ക്രിസ്ത്യാനികളും ആണെന്നുള്ള ധാരണ ധാരാളം ആളുകളുടെ ഇടയിൽ ഇന്നു പരന്നിട്ടുണ്ട്. യഥാർത്ഥത്തിൽ വേദപുസ്തകത്തിൽ വിശ്വസിക്കുന്നവരല്ല ഇവർ. വേദപുസ്തകത്തിൽ ഒരു കാര്യവും അണുകിടപോലും മാറാൻ പാടില്ലെന്നുള്ളതാണ് ഒരു ക്രിസ്ത്യാനി വിശ്വസിക്കുന്നത്. യഹോവാ സാക്ഷികളും എന്നു പറയുന്നവർ വേദപുസ്തകത്തിൻറെ ഒരു കോഡ് മാത്രം പറഞ്ഞുകൊണ്ട് നടക്കുന്നവരാണ്. ഇവർ വേദപുസ്തകത്തിൽ വിശ്വസിക്കുന്നവരല്ല. ക്രിസ്തുദേവൻറെ മരണത്തിലും ഉയർപ്പിലും വീണ്ടുവരവിലും വിശ്വസിക്കുന്നവരല്ല എന്നുള്ള കാര്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ക്രിസ്തുദേവൻ തന്നെ ഇല്ലായെന്ന് വിശ്വസിക്കുന്നവരാണ് ഇവർ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇതിനെക്കുറിച്ച് ഒരു ഇൻറലിജൻസ് റിപ്പോർട്ട് ഗവൺമെൻറിന് നേരത്തെ കിട്ടിയിരുന്നതായും ആ റിപ്പോർട്ടിൻമേൽ യാതൊരു നടപടിയും എടുക്കാത്തതിൻറെ പേരിലുമാണ് ഇങ്ങനെയൊരു സംവേദമുണ്ടായതെന്നു പറയുന്നത് ശരിയാണോ; അങ്ങനെ വല്ല ഇൻറലിജൻസ് റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: കേൾക്കുന്ന എല്ലാ കാര്യങ്ങളും ശരിയായിക്കൊള്ളണമെന്നില്ല.

ശ്രീ. എ.സി. ഷൺമുഖദാസ്: യഹോവാ സാക്ഷികളെ സംബന്ധിച്ചിടത്തോളം ദേശീയഗാനം ആലപിക്കുന്നില്ല, ഇൻഡ്യയുടെ മേപ്പിനെ സംബന്ധിച്ചിടത്തോളം അവരുടെ നിലപാട് തുടങ്ങിയ ആരോപണങ്ങളും വന്നു. അവർ ഈ സംസ്ഥാനത്ത് എത്രപേർ ഉണ്ട്, ഈ സംഘടനയ്ക്കു മറ്റ് ലോക സംഘടനകളുമായി വല്ല സ്വാധീനവുമുണ്ടോ, സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ? ഈവക കാര്യങ്ങളും ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഇവരുടെ പ്രവർത്തനങ്ങളും ജനദൃഷ്ടിയിൽ കാര്യമായി വന്നത് അടുത്തകാലത്താണ്. അതിനുശേഷം വളരെ വിജിലൻറായി അവരുടെ നടപടികളും ശ്രദ്ധിക്കുന്നുണ്ട്. എണ്ണത്തിൻറെ കാര്യം തിട്ടപ്പെടുത്തിയിട്ടില്ല. വളരെ കുറച്ച് ആളുകളും മാത്രമാണുള്ളത്. ഏതായാലും ശരി ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ്: മതവിശ്വാസത്തിന്റെ പേരിൽ ദേശത്തെത്തന്നെ അപകടത്തിലാക്കുന്ന ഇത്തരം സംഘടനകൾക്ക് സി.ഐ.എ. പോലുള്ള അമേരിക്കൻ ചാര സംഘടനകളുടെ പിൻതുണയും സഹായവുമുള്ള കാര്യം ഗവൺമെന്റിന് അറിയാമോ? ഉണ്ടെങ്കിൽ ഇവർക്ക് വിദേശസഹായം ലഭിക്കുന്നത് നിറുത്തലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഈ പ്രസിദ്ധീകരണത്തിൽനിന്നുതന്നെ വിദേശ സഹായമുണ്ടെന്ന് കാണാൻ സാധിച്ചിട്ടുണ്ട്. ഏതായാലും ശരി ആദ്യം സൂചിപ്പിച്ചതുപോലെ ഇത് ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി.ജെ. തങ്കപ്പൻ: രാജ്യദ്രോഹപരമായ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഗവൺമെന്റ് രാജ്യദ്രോഹപരമായി, വിഘടനവാദം ഉയർത്തുന്ന മുദ്രാവാക്യം മുഴക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: രാജ്യദ്രോഹപരവും വിഘടനവാദപരവുമാണെന്ന് ബോദ്ധ്യമായാൽ തീർച്ചയായും നടപടി സ്വീകരിക്കും.

ശ്രീ. ലോനപ്പൻ നമ്പാടൻ: ദേശീയതയ്ക്കും ദേശീയഗാനത്തിനും ദേശീയ പതാകയ്ക്കും എതിരായി പ്രവർത്തിക്കുന്ന സംഘടനകൾക്കെതിരേയും വ്യക്തികൾക്കെതിരേയും രാജ്യദ്രോഹക്കുറ്റം ചുമത്തി നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ഈ രാജ്യത്തിന്റെ പതാകയും രാജ്യത്തിന്റെ ദേശീയ ഗാനവും അംഗീകരിക്കാത്ത ആളുകളെ രാജ്യദ്രോഹികളായിട്ടാണ് നമ്മൾ അംഗീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. ഇ. ഇസ്മയിൽ: ദേശീയ വിരുദ്ധ പ്രവർത്തനങ്ങൾക്കും അട്ടിമറി സംഘടിപ്പിക്കുന്നതിൽ പരിശീലനം നൽകുകയും ഇൻഡ്യയിൽ അട്ടിമറി സംഘടിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നത് അമേരിക്കപോലുള്ള സാമ്രാജ്യത്വ രാജ്യങ്ങളാണെന്ന് കഴിഞ്ഞ കുറേക്കാലമായി വാർത്ത ഉണ്ട്. അത്തരം ആളുകളുടെ സഹായത്തോടുകൂടിയാണ് ഇത്തരം ദേശീയ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും പ്രചരണവേല സംഘടിപ്പിക്കുകയും ചെയ്യുന്നത് എന്നുള്ളത് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഇത്തരം സാമ്രാജ്യത്വ സഹായത്തോടുകൂടി നടത്തുന്ന രാജ്യദ്രോഹ പ്രവർത്തനങ്ങളെ ചെറുക്കാനും ആവശ്യമായ നടപടി സ്വീകരിക്കാൻ എന്തെങ്കിലും പ്രവർത്തനം ഇപ്പോൾ ഉണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി): യഹോവാ സാക്ഷികൾ എന്നറിയപ്പെടുന്ന ആളുകൾ നമ്മുടെ സംസ്ഥാനത്ത് ഏതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗങ്ങളിലാണ് കൂടുതൽ പ്രചരണം നടത്തുന്നത്. ഇവർക്ക് പ്രചരണം നടത്തുന്നതിനുള്ള പിൻബലം എവിടെനിന്നൊക്കെയാണെന്നുള്ളത് ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ വിവരം വെളിപ്പെടുത്താമോ?

ശ്രീ. കെ. കരുണാകരൻ: ഏതെല്ലാം ഏരിയായിൽ ആണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. അന്വേഷിക്കുന്നുണ്ട്. വിദേശസഹായം ഉണ്ടെന്നുള്ളതിന് പ്രകടമായ തെളിവാണ് ഈ ഇയർബുക്ക്. ഇത് അപ്പടിച്ചതുതന്നെ വിദേശരാജ്യത്താണ്.

ശ്രീ. സി.കെ. ചക്രപാണി: രാജ്യദ്രോഹപരമാണെന്നും, വിഘടനവാദപരമാണെന്നും തോന്നിയാൽ നടപടിയെടുക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇതിൻറെ പിന്നിൽ destabilisation of India ആണ് ലക്ഷ്യം. അതു തോന്നാനായിട്ട് നേരം വൈകിക്കഴിഞ്ഞാൽ പലതും സംഭവിക്കും. അത് ഒഴിവാക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടി വളരെ സൂക്ഷ്മതയോടുകൂടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: സന്ദർഭത്തിന്, ശക്തമായ നടപടി സ്വീകരിച്ച രാഷ്ട്രം എന്ന നിലയിൽ ഇൻഡ്യ ഇന്നും ശക്തമായി നിൽക്കുന്നു എന്നുള്ളതുതന്നെ സന്ദർഭോചിതമായ നടപടി ഉണ്ടെന്നുള്ളതിന് ഞെളിവാണ്.

(പ്രോദ്യോത്തര സമയം കഴിഞ്ഞു)

II. ശ്രദ്ധ ക്ഷണിക്കൽ

(1) നാദാപുരം നിയോജകമണ്ഡലത്തിലെ വളയം—കുറുവന്തേരി റോഡിൻറെ ശോചനീയാവസ്ഥ

ശ്രീ. കെ.ടി. കുണാരൻ: സർ, എൻറെ നിയോജകമണ്ഡലത്തിലുള്ള രണ്ടു പഞ്ചായത്തിലെ മുപ്പതിനായിരത്തിൽപരം വരുന്ന ജനങ്ങളുടെ ദൈനംദിന ആവശ്യത്തിനുള്ള ഗതാഗതപ്രശ്നത്തിൽ നേരിടുന്ന ഗുരുതരമായ പ്രയാസങ്ങളെ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാനാഗ്രഹിക്കുന്നത്.

വളയം—ചെട്ടിക്കാട് പഞ്ചായത്തിലെ ജനങ്ങൾക്ക്, മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള അവരുടെ ദൈനംദിന യാത്രാസൗകര്യത്തിനുവേണ്ടിയും, നാദാപുരം, വടകര, തലശ്ശേരി, കോഴിക്കോട് മുതലായ പട്ടണങ്ങളിലെ മാർക്കറ്റുകളിൽ അവരുടെ കാർഷികോല്പന്നങ്ങൾ കൊണ്ടുപോകുന്നതിനും കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലമായി ഉപയോഗിക്കുന്ന ഒരു റോഡാണ് വളയം—കുറുവന്തേരി റോഡ്. ഈ റോഡ് നാട്ടുകാരുടെ ശ്രമഫലമായി ബസ് ഗതാഗതയോഗ്യമാക്കിത്തീർക്കുന്നതിന് 1980—81—ൽ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുകയും 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ മൂന്നര വർഷക്കാലമായി ആ എസ്റ്റിമേറ്റും പ്ലാനും ഈ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുകയാണ്. ഈ റോഡ് ഏറ്റെടുക്കണമെന്ന് നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിക്ക് അറിയാവുന്ന അദ്ദേഹത്തിൻറെ പാർട്ടിയിൽപ്പെട്ട പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly